**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. ***430** 21.03.2018 ൽ മറുപടിക്ക്

## ആരോഗ്യ സേവന കേന്ദ്രം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ<br>,, ശ്രീ. ഐ. ബി. സതീഷ്<br>,, ശ്രീ. എൻ വിജയൻ പിള്ള<br>,, ശ്രീ. എ.എം. ആരിഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏറ്റവുമധികം യാത്രക്കാർ വന്നുപോകുന്ന തമ്പാനൂർ ബസ് സ്റ്റാൻഡിൽ ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ സേവന കേന്ദ്രം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഈ പദ്ധതി മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പ്രഥമ ശുശ്രൂഷയ്ക്കുള്ള സംവിധാനവും ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട പരിശോധനകളും അതോടൊപ്പം തന്നെ മുലയൂട്ടൽ കേന്ദ്രവും സജ്ജമാക്കിയിട്ടുണ്ട്. ബസ് സ്റ്റാൻഡ് ഉൾപ്പെടുന്ന വാർഡിന്റെ പ്രതിരോധ കുത്തിവെയ്പ്പ് കേന്ദ്രമായിട്ടും ഇതിനെ ഉപയോഗിക്കും. എല്ലാ വിധ ബോധവൽക്കരണ പരിപാടികൾ, ലഘുലേഖ വിതരണം, ആരോഗ്യ കേരളം / വകുപ്പിന്റെ സേവനം സംബന്ധിച്ച വിശദാംശങ്ങൾ, Pulse Polio യ്ക്ക് ഒരു സെന്റർ ആയിട്ടും ഇത് ഉപയോഗിക്കുന്നതാണ്. |
| (ബി) | കുട്ടികളുടെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്താനായി ആവിഷ്കരിച്ചിട്ടുള്ള മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; നിലവിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) | ആറ് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് എന്ന നിലയിൽ 23 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾപ്രവർത്തിക്കുന്നു. ഒരു ദിവസം ഒരു ബ്ലോക്ക് പഞ്ചായത്തിന്റ കീഴിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ കുട്ടികൾക്ക് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റിന്റെ വിവിധ ചികിത്സ സാഹായം ലഭ്യമാക്കുന്നു. ഓരോ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലും ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്. ഇവർ ഡി.ഇ.ഐ.സിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് സേവനങ്ങൾ, തെറാപ്പികൾ എന്നിവ കിട്ടികൊണ്ടിരുന്ന കുട്ടികളെ അവരുടെ അടുത്ത സ്ഥലത്തെത്തി മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുവഴി സ്പെഷ്യലിസ്റ്റുകൾ പരിശോധനകൾ, തെറാപ്പികൾ എന്നിവ നൽകി വരുന്നു. ഓരോ യൂണിറ്റിലും ആവശ്യമായ വാഹനങ്ങൾ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ദേശീയ ആരോഗ്യ മിഷന്റെ കീഴിലുള്ള വിവിധ തരത്തിലുള്ള പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിനും ചികിത്സക്കോ പരിശീലനത്തിനോ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | ആർ.ബി.എസ്.കെ. പ്രോഗ്രാമിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ഒരു ജില്ലാ തല പ്രാരംഭ ഇടപെടൽ കേന്ദ്രം പ്രവർത്തിച്ച വരുന്നു. വളർച്ചയിലേയും വികാസത്തിലേയും വിവിധ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും ശരിയാം വണ്ണം വിവിധ തെറാപ്പികൾ നൽകി ചികിത്സിക്കുന്നതിനും തുടർ ചികിത്സ വേണ്ട കുട്ടികളെ ഘട്ടംഘട്ടമായി ചികിത്സിക്കുന്നതിനും പ്രത്യേക ചികിത്സ വേണ്ടവർക്ക് സ്പെഷ്യാലിറ്റി സെന്ററിലേക്ക് റഫർ ചെയ്യുന്നതിനും ഇത്തരം ഡി.ഇ.ഐ.സി.വഴി സാധ്യമാക്കുന്നു. എല്ലാ ഡി.ഇ.ഐ.സി. കളിലും പീഡിയാട്രീഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, ഡെന്റൽ ഹൈജീനിസ്റ്റ് , ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, തുടങ്ങിയ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. സ്കൂൾ-അംഗണവാടി, ഫീൽഡ് തലത്തിൽ സ്ക്രീൻ ചെയ്യപ്പെട്ട വളർച്ചയിലും വികാസത്തിലും വ്യതിയാനം കണ്ടെത്തുന്ന കുട്ടികളെ ഡി.ഇ.ഐ.സി.ലേക്ക് റഫർ ചെയ്ത് വിവിധങ്ങളായ തെറാപ്പി ഉൾപ്പടെയുള്ള ചികിത്സാ സൗകര്യങ്ങൾ തീർത്തും സൗജന്യമായി നൽകുന്നു. നിലവിലുള്ള ഡി.ഇ.ഐ.സി.കൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ ജീവനക്കാർക്കെല്ലാം പരിശീലനത്തിന് ഉതകുന്ന രീതിയിൽ ഒരു മോഡൽ സെന്റർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്നതിന് 212 ലക്ഷം തുകക്കുള്ള പ്രൊപ്പോസൽ 2018-2019 വർഷത്തേക്ക് കേന്ദ്രസർക്കാരിന് എൻ.എച്ച്.എം., പി.ഐ.പി. വഴി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഡി.ഇ.ഐ.സി.യിലെ സ്പെഷ്യലിസ്റ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം തുകയുള്ള പ്രൊപ്പോസൽ 2018-2019 പി.ഐ.പി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓഫ് ഡിസെബിലിറ്റിയുടെ സഹകരണത്താൽ വിവിവധങ്ങളായ പരിശീല പരിപാടികൾ ആവിഷ്കരിച്ച വരുന്നു. കൂടാതെ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ധനസഹായത്തോടെ ഡി.ഇ.ഐ.സി. കൾ ശാക്തികരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുംനടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ